ലുള്ള കമ്മിറ്റികൾ പ്രവർത്തിക്കണമെന്ന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.† ഇതുകൂടാതെ 24-11-2005-ലെ ജി.ഒ.(ആർ.റ്റി.) നം. 19563/05/ഉ.വി.വ പ്രകാരം 2005 ഡിസംബർ 5-ാം തീയതി റാഗിംഗ് വിരുദ്ധ ദിനമായി ആചരിക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുകയുണ്ടായി. (അനുബന്ധം III)†. പ്രസ്തുത ദിനാചരണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും റാഗിംഗ് തടയുന്നതിലേക്കായി ബോധവൽക്കരണത്തിനായി വിവിധ നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. സംസ്ഥാനത്തെ മിക്ക കോളേജുകളിലും മേൽ സൂചിപ്പിച്ച തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടിട്ടുള്ളതായി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ കോളേജ് പ്രിൻസിപ്പൽമാർ, സാമൂഹിക രാഷ്ട്രീയ പ്രവർത്തകർ, പോലീസുദ്യോഗസ്ഥർ എന്നിവർ ഉൾപ്പെട്ട പോലീസ് സർക്കിൾ ലവൽ സബ്സെല്ലും ജില്ലാ ലവലിൽ ആന്റി റാഗിംഗ് സ്ക്വാഡും രൂപീകരിച്ച് വിദ്യാർത്ഥികൾക്കിടയിൽ ബോധവൽക്കരണ ക്ലാസ്സുകൾ തുടർച്ചയായി നടത്തിവരുന്നുണ്ട്.

വൈദ്യുതി നിരക്കിൽ നൽകുന്ന ഇളവ് സംബന്ധിച്ച്

16 [*55] ശ്രീ. എ. കെ. ബാലൻ:

„ വി. കെ. സി. മമ്മത് കോയ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; മെച്ചപ്പെട്ട മഴ ലഭിച്ചതുമൂലം ബോർഡ് ലാഭത്തിലായിട്ടുണ്ടോ;

(ബി) വൈദ്യുതി നിരക്കിൽ ചില വിഭാഗം ഉപഭോക്താക്കൾക്ക് ഇളവ് നൽകിയ സാഹചര്യം വിശദമാക്കാമോ; ബോർഡ് ലാഭത്തിലായതുകൊണ്ടാണോ വൈദ്യുതി നിരക്കിൽ ഇളവ് പ്രഖ്യാപിച്ചത്;

(സി) വൻകിട കച്ചവട സ്ഥാപനങ്ങൾക്ക് (എൽടി VIIA) ആനുകൂല്യം നൽകാനായി ഗവൺമെന്റ് എന്ത് തുകയാണ് സബ്സിഡിയായി നൽകുന്നതെന്ന് വ്യക്തമാക്കാമോ; നിരക്ക് ഇളവ് ചെയ്യാൻ ഗവൺമെന്റ് സബ്സിഡി അനുവദിക്കേണ്ടിവന്ന സാഹചര്യം വ്യക്തമാക്കുമോ;

(ഡി) കുടിവെള്ള വിതരണം, ആശുപത്രികൾ, അനാഥാലയങ്ങൾ, കൃഷിക്കാർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകാത്ത സാഹചര്യം വ്യക്തമാക്കാമോ;

(ഇ) 2006 ഏപ്രിൽ മുതലുള്ള മാസങ്ങളിൽ നിരക്ക് ഇളവ് ഏർപ്പെടുത്താൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്):

(എ & ബി) ഓഡിറ്റ് ചെയ്ത കണക്കുപ്രകാരം 2003-2004 വർഷം ബോർഡിന് 1007 കോടി രൂപയുടെ വരുമാന കമ്മിയുണ്ടായി. 2004-2005 വർഷത്തെ കണക്കനുസരിച്ച് ബോർഡിന്റെ വരുമാനക്കമ്മി 343 കോടി രൂപയാണ്. മെച്ചപ്പെട്ട മഴ

† അനുബന്ധം II (എ)

†† അനുബന്ധം II (ബി)

LIBRARY ARCHIVES Kerala Legislative Assembly

ലഭിച്ചതുകൊണ്ട് ബോർഡിന്റെ വൈദ്യുതി വാങ്ങൽ ചെലവ് കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ചില വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകിയത്.

(സി) വൻകിട എച്ച്.ടി. കച്ചവട സ്ഥാപനങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നില്ല. എൽ.ടി. VII(A)/VII(B) വാണിജ്യവിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകുന്നതു വഴി ബോർഡിന്റെ വരുമാനത്തിൽ പ്രതിവർഷം ഏകദേശം 10.64 കോടി രൂപയുടെ കുറവ് വരുമെന്ന് കണക്കാക്കുന്നു.

(ഡി) കുടിവെള്ള വിതരണം, ആശുപത്രികൾ, അനാഥാലയങ്ങൾ, കൃഷിക്കാർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയ്ക്ക് താരതമ്യേന കുറഞ്ഞ നിരക്കുകളാണ് ഈടാക്കി വരുന്നത്.

(ഇ) ഇപ്പോൾ ആലോചിച്ചിട്ടില്ല.

എം. എൽ. എ. റോഡുകളുടെ നിർമ്മാണപ്രവർത്തനം

17 [*56] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ട് റോഡ് എന്ന ക്രമത്തിൽ എം. എൽ. എ.മാരിൽ നിന്നും എഴുതി വാങ്ങിയ റോഡുകളുടെ നിർമ്മാണപ്രവർത്തനത്തിന് ധനകാര്യ വകുപ്പിൽ നിന്നും ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ):

(എ) ഒരു നിയോജകമണ്ഡലത്തിൽ രണ്ട് റോഡ് എന്ന ക്രമത്തിൽ റോഡുകളുടെ നിർമ്മാണ പ്രവർത്തന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

(ബി) ബാധകമല്ല.

ഇലക്ട്രിസിറ്റി ആക്ട് 2003

18 [*57] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, ബിനോയ് വിശ്വം:

,, പി. നാരായണൻ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇലക്ട്രിസിറ്റി ആക്ട് 2003 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എന്നു മുതലാണ് ഈ നിയമം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly